**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 70** **22-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത ഡി.പി.ആർ. ന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കിയിട്ടുണ്ടോ; | (എ) | സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ പൂർത്തീകരിക്കുകയും കേരള സർക്കാർ ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിനു അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതി ആയോഗ് എന്നീ വകുപ്പുകൾ പരിശോധിച്ച് പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശുപാർശ കേന്ദ്ര ആസൂത്രണ സാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. |
| (ബി) | കേരളം നൽകിയ ഡി.പി.ആർ. പൂർണ്ണമല്ലെന്നും പരിസ്ഥിതി പഠനം നടത്തിയിട്ടില്ലെന്നും കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് സംസ്ഥാനത്തിന് ഔദ്യോഗിക അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഇല്ല. എന്നാൽ, 2021 ഡിസംബർ 6-നു ചീഫ് സെക്രട്ടറി, ഗതാഗത സെക്രട്ടറി, കെ-റെയിൽ അധികൃതർ എന്നിവർ റെയിൽവേ ബോർഡ് ചെയർമാനും മറ്റു ബോർഡംഗങ്ങളുമായി സിൽവർലൈൻ ഡി.പി.ആർ-നെക്കുറിച്ച് വിശദമായ ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ഡി.പി.ആർ വിശദമായി അവലോകനം ചെയ്യുകയും വിവരങ്ങൾ ആരായുകയും ചെയ്തു. തിരൂർ മുതൽ കാസർകോട് വരെ നിലവിലെ റെയിൽവേ ലൈനിനു സമാന്തരമായിട്ടാണ് സിൽവർലൈൻ പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. ഈ സ്ഥലങ്ങളിൽ എത്ര റെയിൽവേ ഭൂമി ആവശ്യമായി വരുന്നുണ്ട്, അതിന്റെ എക്സ്റ്റൻഡ് ഡ്രോയിംഗ്സ്, ബൗണ്ടറി മാർക്കിംഗ്സ്, തുടങ്ങിയവയും, എവിടെയെല്ലാം സിൽവർലൈൻ അലൈൻമെന്റ് റെയിൽവേയെ ക്രോസ് ചെയ്യുന്നു, എന്നീ വിവരങ്ങൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള കത്തിടപാടുകൾ നടന്നുവരികയാണ്. ഇതുസംബന്ധിച്ചുള്ള വർക്കിംഗ് ഷീറ്റ്, കഡാസ്ട്രൽ സർവ്വേ മാപ്പ് എന്നിവ ലഭ്യമാണ്. എന്നാൽ പ്രസ്തുത |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ ഇന്ത്യൻ റെയിൽവേ അധികൃതരുമായി ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്തി റീസബ്മിറ്റ് ചെയ്യുവാനാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതു പൂർത്തിയാവുന്ന മുറക്ക് റെയിൽവേയ്ക്ക് വിവരങ്ങൾ സമർപ്പിക്കുന്നതാണ്. |
| (സി) | കെ-റെയിൽ ന്റെ ഡി.പി.ആർ. ഉണ്ടാക്കാനുള്ള ചുമതല ഏത് കമ്പനിക്കാണ് നൽകിയിരിക്കുന്നതെന്നും പ്രസ്തുത കമ്പനിയുമായുള്ള കരാർ വ്യവസ്ഥ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (സി) | അർദ്ധ അതിവേഗ റെയിൽ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി സിസ്ട്ര എം.വി.എ ഇന്ത്യാ, സിസ്ട്രാ പാരിസ് എന്നിവയുടെ ജെ.വി കമ്പനിയെയാണ് ഓപ്പൺ ടെൻഡറിലൂടെ തിരഞ്ഞെടുത്തത്. കരാർ പ്രകാരം സിസ്ട്രയെ കെ-റെയിൽ ന്റെ ജനറൽ കൺസൾട്ടന്റ് ആയിട്ടാണ് നിയമിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ